# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3335 19.10.2016-ൽ മറുപടിയ്ക്ക്

## അവശകലാകാരന്മാരുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ: | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും**<br>**നിയമവും സാംസ്കാരികവും**<br>**പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| അവശ കലാകാരന്മാരുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | അവശ കലാകാരന്മാരുടെ സംരക്ഷണത്തിന്റെ ഭാഗമായി പ്രതിമാസം 750/- രൂപ വീതം അവശകലാകാര പെൻഷനും അവശകലാകാരന്മാർക്ക് ചികിത്സാ ധനസഹായവും സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തിരം അനുവദിച്ച് വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പെൻഷൻ 1500/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ അക്കാദമി മുഖാന്തിരം കലാകാരന്മാർക്ക് പെൻഷൻ/ചികിത്സാ ധനസഹായവും മറ്റ് ക്ഷേമപദ്ധതികളും ആവിഷ്കരിച്ച് വരുന്നു. ചികിത്സാ സഹായമായി ഫോക് ലോർ അക്കാദമി 25000/-രൂപ നല്കി വരുന്നു. ലളിതകലാ അക്കാദമി 10000/- രൂപ ചികിത്സാ ധനസഹായം നൽകുന്നുണ്ട്.<br><br>മേൽ സഹായങ്ങൾക്കു പുറമെ, ഫോക് ലോർ അക്കാദമി മുഖാന്തിരം കലാകാരന്മാരുടെ കുട്ടികൾക്ക് കലാപഠനത്തിന് സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. നിശ്ചിത വരുമാനത്തിൽ താഴെയുള്ള സാഹിത്യകാരന്മാരുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് സാഹിത്യ അക്കാദമിയിൽനിന്നും ധനസഹായം നൽകുന്നുണ്ട്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖാന്തിരം അവശരായ കലാകാരന്മാർക്ക് ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള പദ്ധതി വ്യവസ്ഥകൾക്കനുസൃതമായിട്ടുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**